കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവര പൊതുജനസമ്പർക്ക വകുപ്പിൽ താല്ക്കാലികമായി സൃഷ്ടിച്ച വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷന്റെയും അനുബന്ധ തസ്തികകളുടെയും തുടർച്ചാനുമതി അവസാനിച്ച 25.08.2019 മുതൽ ഒരു വർഷത്തേക്ക് നിലനിർത്തി തുടർച്ചാനുമതി നൽകികൊണ്ടും താല്ക്കാലികമായി സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി മാറ്റിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

സ.ഉ (കൈ)നം. 83/2020/പൊഭവ. തീയതി, തിരുവനന്തപുരം, 29.04.2020

---

പരാമർശം:- 1) സ.ഉ (പി)നം.5/2018/പൊഭവ തീയതി 26.02.2018

2) സ.ഉ (സാധാ)നം.4904/2018/പൊഭവ തീയതി 27.07.2018

3) സ.ഉ (എം.എസ്)നം.125/2019/പൊഭവ തീയതി 24.06.2019

<u>ഉത്തരവ്</u>

വിവരപൊതുജനസമ്പർക്ക വകുപ്പിൽ പത്ര പ്രവർത്തക പെൻഷനും മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധജോലികളും ഉൾപ്പെടെ നിലവിലുള്ള കുടിശ്ശിക ജോലികൾ തീർപ്പാക്കുന്നതിനായി 6 മാസത്തേക്ക് താൽക്കാലികമായി ഒരു പുതിയ സെക്ഷനും അനുബന്ധ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കാലയളവിൽ പെൻഷൻ സംബന്ധമായ ജോലികളുടെ പ്രാരംഭഘട്ടം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ എന്നതിനാൽ പരാമർശം 3 പ്രകാരം, താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷന്റെയും അനുബന്ധ തസ്തികകളുടെയും കാലാവധി 26.11.2018 മുതൽ 9 (ഒമ്പത്) മാസത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ടും താല്ക്കാലികമായി സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തിക നിർത്തലാക്കി പകരം പ്രസ്തുത തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയാക്കി പുനർ നിർണ്ണയിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) ഇപ്രകാരം കാലാവധി ദീർഘിപ്പിച്ച പ്രസ്തുത സെക്ഷന്റെയും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെയും തുടർച്ചാനുമതി 25.08.2019 ന് അവസാനിച്ചിരിക്കുകയാണ്. പ്രസ്തുത സെക്ഷന്റെ തുടർച്ചാനുമതി തീർന്നതിനുശേഷവും സെക്ഷന്റെ പ്രവർത്തനം തുടർന്നുവരികയാണ്. പത്രപ്രവർത്തക പെൻഷനും ഇതര പെൻഷനും മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളും സ്ഥായിയായി ഉള്ളതായതിനാൽ താൽകാലികമായി സൃഷ്ടിച്ച സെക്ഷൻ സ്ഥിരമായി നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും വകുപ്പിൽ താൽക്കാലികമായി അനുവദിച്ചിരുന്ന ജോയിന്റ് ഡയറക്ടർ തസ്തിക റദ്ദാക്കിയ നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും വിവര പൊതുജന സമ്പർക്ക വകുപ്പ് സർക്കാരിന് ശിപാർശ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താൽക്കാലികമായി സൃഷ്ടിച്ച വിവര പൊതുജന സമ്പർക്ക (എച്ച്) വകുപ്പിൽ പത്രപ്രവർത്തകരുടെ പെൻഷൻ അപേക്ഷകളുമായി ബന്ധപ്പെട്ട് നിരവധി നടപടികൾ തീർപ്പാക്കാനുള്ള സാഹചര്യത്തിൽ, പ്രസ്തുത സെക്ഷന്റെ തുടർച്ചാനുമതി അവസാനിച്ച 25.08.2019 മുതൽ ഒരു വർഷത്തേക്ക് നിലനിർത്തി തുടർച്ചാനുമതി നൽകികൊണ്ടും പരാമർശം 1 പ്രകാരം സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയാക്കി മാറ്റിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ആർ.ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക(എ/സി/എച്ച്) വകുപ്പ്
പൊതുഭരണ (സർവ്വീസസ് എ/ഇ) വകുപ്പ്
പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ എ/ബി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്. (ഇനം.നം.3899 തീയതി 25.03.2020)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസിന്
പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസിന്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
ധനകാര്യ വകുപ്പ് (യു.ഒ നം.708437/ExPp.A2/21/2018/ഫിൻ തീയതി 02.12.2019)

ഉത്തരവിൻപ്രകാരം
Smitha A.S.
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-03-2020

ഫയൽ നം. സ്പെഷ്യൽ ഇ1/125/2019/പൊ.ഭ.വ. ഇനം നം: 3899

വിഷയം : പൊതുഭരണ വകുപ്പ് - താൽക്കാലികമായി സൃഷ്ടിച്ച വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷനും (കാലാവധി കഴിഞ്ഞ് തുടർച്ചാനുമതിയില്ലാതെ പ്രവർത്തിച്ചു വരുന്ന) ജോയിന്റ് ഡയറക്ടർ കേഡർ ഉൾപ്പെടെയുള്ള അനുബന്ധ തസ്തികകൾക്കും സ്ഥിരാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു.
(2). ജോയിന്റ് ഡയറക്ടർ തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി മാറ്റാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | സ്പെഷ്യൽ.ഇ 1/125/2019/പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 3 | വിഷയം | : | താൽക്കാലികമായി സൃഷ്ടിച്ച വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷനും (കാലാവധി കഴിഞ്ഞ് തുടർച്ചാനുമതി യില്ലാതെ പ്രവർത്തിച്ചുവരുന്ന) ജോയിന്റ് ഡയറക്ടർ കേഡർ ഉൾപ്പെടെയുള്ള അനുബന്ധ തസ്തികകൾക്കും സ്ഥിരാനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.02.2020 |
| 5 | i. ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സി.അജയൻ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.03.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.03.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 12.03.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.03.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 25.03.2020 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ(കൈ)നം. 83/2020/പൊ.ഭ.വ<br>തീയതി 29.04.2020 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വിവരപൊതുജനസമ്പർക്ക വകുപ്പിൽ താൽക്കാലികമായി സൃഷ്ടിച്ച വിവരപൊതുജന സമ്പർക്ക (എച്ച്) വകുപ്പിന്റെ തുടർച്ചാനുമതി 25.08.2019 ന് അവസാനിച്ചതിനാൽ പ്രസ്തുത വകുപ്പും അനുബന്ധ തസ്തികകളും സ്ഥിരമായി അനുവദിച്ചു നൽകണമെന്ന വിവരപൊതുജന സമ്പർക്ക വകുപ്പിന്റെ ശിപാർശ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ പ്രതിപാദ്യം

2) വിവരപൊതുജനസമ്പർക്ക വകുപ്പിൽ പത്രപ്രവർത്തക പെൻഷനും, ഇതര പെൻഷനും, മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളും ഉൾപ്പെടെ കുടിശ്ശികയുള്ള ജോലികൾ തീർപ്പാക്കുന്നതിനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി ഒരു പുതിയ സെക്ഷനും അനുബന്ധ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് 26.05.2018 തീയതിയിലെ സ.ഉ (അച്ചടി) നം.5/2018/പൊ.ഭ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം ഒരു ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ച് അതിനു കീഴിൽ ഒരു സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റ്, ഒരു കംപ്യൂട്ടർ അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഉൾപ്പെടുന്ന ഒരു പുതിയ സെക്ഷനും വിവരപൊതുജന സമ്പർക്ക വകുപ്പിൽ സൃഷ്ടിച്ചിരുന്നു. ഭരണപരമായ കാലതാമസത്തെത്തുടർന്ന് 27.07.2018 തീയതിയിലെ സ.ഉ (സാധാ) നം.4904/2018/പൊ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം മാത്രമാണ് ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക തസ്തികയിലേക്ക് നിയമനം നടത്താൻ കഴിഞ്ഞത്.

3) എന്നാൽ, പുതിയതായി രൂപീകരിക്കപ്പെട്ട ഐ&പി.ആർ (എച്ച്) വകുപ്പിൽ പെൻഷൻ സംബന്ധമായ ജോലികളുടെ പ്രാരംഭഘട്ടം മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്നും പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനുള്ള 2014 മുതലുള്ള അപേക്ഷകൾ പരിഗണിച്ച് പെൻഷൻ അംഗത്വം നൽകൽ തുടങ്ങിയ ജോലികൾ കൂടി പൂർത്തീകരിക്കാനുള്ളതിനാൽ പ്രസ്തുത സെക്ഷന്റെ

പ്രവർത്തനം 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവരപൊതുജനസമ്പർക്ക വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട്, 24.06.2019 ലെ സ.ഉ (എം.എസ്) നം.125/2019/പൊ.ഭ.വ ഉത്തരവ് പ്രകാരം താൽക്കാലികമായി സൃഷ്ടിച്ചിരുന്ന വിവരപൊതുജന സമ്പർക്ക (എച്ച്) വകുപ്പിന്റേയും അനുബന്ധ തസ്തികകളുടേയും കാലാവധി 26.11.2018 മുതൽ 9 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും അതോടൊപ്പം 26.05.2018 ലെ സ.ഉ (പി) നം.5/18/പൊ.ഭ.വ പ്രകാരം പ്രസ്തുത വകുപ്പിൽ സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തിക നിർത്തലാക്കി പകരം പ്രസ്തുത തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി പുനർ നിർണ്ണയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം പ്രസ്തുത സെക്ഷന്റെ തുടർച്ചാനുമതി 25.08.2019 ന് അവസാനിച്ചിരിക്കുകയാണ്.

4) പ്രസ്തുത സെക്ഷന്റെ തുടർച്ചാനുമതി തീർന്നതിനുശേഷവും സെക്ഷന്റെ പ്രവർത്തനം തുടർന്ന് വരികയാണ്. പത്രപ്രവർത്തക പെൻഷനും, ഇതര പെൻഷനും, മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളും സ്ഥായിയായി ഉള്ളതായതിനാൽ താൽക്കാലികമായി രൂപീകരിച്ച സെക്ഷൻ സ്ഥിരമായി നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, വകുപ്പിൽ താൽക്കാലികമായി അനുവദിച്ചിരുന്ന ജോയിന്റ് ഡയറക്ടർ തസ്തിക റദ്ദാക്കിയ നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, 15 ഇന കാര്യ കാരണങ്ങൾ സഹിതം വിവരപൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് വിവര പൊതുജന സമ്പർക്ക വകുപ്പ് ഫയൽ നേരിട്ട് നൽകിയിരുന്നു.

5) വിവരപൊതുജനസമ്പർക്ക വകുപ്പിന്റെ പ്രസ്തുത ഫയലിൽ ബഹു.മുഖ്യമന്ത്രി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായിരുന്നു. തുടർനടപടികൾക്കായി വിവര പൊതുജന

സമ്പർക്ക വകുപ്പ് ഫയൽ ഈ വകുപ്പിന് കൈമാറിയിരുന്നു. വിവരപൊതുജന സമ്പർക്ക (എച്ച്) വകുപ്പിന് തുടർച്ചാനുമതി 25.11.2018 ൽ അവസാനിച്ചതിനെ തുടർന്ന് വീണ്ടും ആറ് മാസത്തേയ്ക്ക് കൂടി തുടരുന്നതിന് അനുമതി നൽകുന്ന വിഷയത്തിൽ സ്പെഷ്യൽ.ഇ 1/137/2018/പൊ.ഭ.വ നമ്പർ ഫയലിൽ, പ്രസ്തുത സെക്ഷന് ആറ് മാസത്തേയ്ക്ക് മാത്രം തുടർച്ചാനുമതി നൽകാനും വകുപ്പിൽ നിലവിലില്ലാത്ത ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ച നടപടി പുന:പരിശോധിച്ച് ഡെപ്യൂട്ടി ഡയറക്ടർ എന്നാക്കി പുനർ നിർണ്ണയിക്കാനും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 24.06.2019 ലെ സ.ഉ (എം.എസ്) നം. 125/2019/പൊ.ഭ.വ ഉത്തരവ് പ്രകാരം പ്രസ്തുത സെക്ഷന് 26.11.2018 മുതൽ 9 മാസത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകിയും ജോയിന്റ് ഡയറക്ടർ തസ്തിക, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി മാറ്റിയും ഉത്തരവ് പുറപ്പെടുവിച്ചത്.

6) വിഷയത്തിൽ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിൽ വിഷയം സമർപ്പിക്കാൻ ചീഫ് സെക്രട്ടറി ഉത്തരവായതിനെ തുടർന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം വിഷയത്തിൽ തേടുകയും ചെയ്തു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രയപ്പെടുകയുണ്ടായി.

"സെക്രട്ടേറിയറ്റിലെ ജോലിഭാരം ക്രമീകരിക്കുന്നതു സംബന്ധിച്ച പ്രവൃത്തി പഠനം നടത്തി കരട് റിപ്പോർട്ട് ഈ ആവശ്യത്തിനായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരട് റിപ്പോർട്ടിൽ എന്തെങ്കിലും ഭേദഗതി വരുത്തേണ്ടത് പ്രസ്തുത സമിതിയാണ്. സമിതി വകുപ്പു തല റിപ്പോർട്ട് വകുപ്പുമായി ബന്ധപ്പെട്ട നോഡൽ ഓഫീസർമാരുമായി ചർച്ച ചെയ്യുന്നതാണ്.

കരട് റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇതു

സംബന്ധമായി എന്തെങ്കിലും മാറ്റം വരുത്തുവാൻ ഈ വകുപ്പിന് സാധിക്കുന്നതല്ല. എന്നാൽ വിവര പൊതുജന സമ്പർക്ക വകുപ്പിന് ഈ ഫയലിലെ ആവശ്യം ടി വകുപ്പിലെ നോഡൽ ഓഫീസർ മുഖേന സമിതിയുടെ മുൻപിൽ അവതരിപ്പിക്കാൻ സാധിക്കുന്നതാണ്."

7) വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രയപ്പെട്ടുകയുണ്ടായി.

"പത്രപ്രവർത്തക ക്ഷേമനിധി പെൻഷൻ നടപ്പാക്കുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പിൽ പുതിയ ഒരു സെക്ഷൻ രൂപീകരിക്കുന്നതിന് ഉപാധികളോടെയാണ് ധന വകുപ്പ് അനുമതി നല്കിയിരുന്നത്. സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ ശമ്പള ചെലവുകൾക്ക് തുല്യമായ ചെലവ് ഉള്ള ഏതെങ്കിലും തസ്തികകൾ നിർത്തലാക്കി പകരം പുതിയ സെക്ഷനു വേണ്ട തസ്തികകൾ സൃഷ്ടിക്കാം എന്നാണ് ധനവകുപ്പ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ധന വകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട് മന്ത്രിസഭാ അനുമതിയോടു കൂടി തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് 26/05/2018-ലെ G.O. (P) No. 5/2018/പൊ.ഭ.വ ഉത്തരവു പ്രകാരം ഒരു ജോയിന്റ് ഡയറക്ടർ, ഒരു സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റ്, ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഒരു ഓഫീസ് അസിസ്റ്റന്റ് എന്നിങ്ങനെ 6 തസ്തികകൾ സൃഷ്ടിച്ചിരുന്നു.

2. മേൽ തസ്തികകൾക്ക് ആറു മാസത്തേക്ക് കൂടി തുടർച്ചാനുമതി നൽകണം എന്ന ശുപാർശ ഭരണ വകുപ്പ് പിന്നീട് സമർപ്പിച്ചിരുന്നു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത് എന്നും അതുകൊണ്ടാണ് I&PR വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണം എന്ന ശുപാർശക്ക് ധനവകുപ്പ് ഉപാധി വച്ചത് എന്നും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് മന്ത്രിസഭായോഗതീരുമാന പ്രകാരമാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത തസ്തികകളുടെ തുടർച്ച ആവശ്യമുണ്ടെന്ന് ഭരണ വകുപ്പ് വിലയിരുത്തുന്ന പക്ഷം ജോയിന്റ് ഡയറക്ടർ

ഒഴികെയുള്ള തസ്തികകൾ മേലിൽ ദീർഘിപ്പിച്ച നൽകില്ല എന്ന ഉപാധിയോടെ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകാവുന്നതാണ് എന്ന് അറിയിച്ചിരുന്നു. ജോയിന്റ് ഡയറക്ടർ തസ്തികയുടെ കാര്യത്തിൽ താഴെ പറയുന്ന വിവരങ്ങളും ഭരണ വകുപ്പിനെ അറിയിച്ചിരുന്നു.

3. 26/05/2018-ലെ G.O. (P) No. 5/2018/പൊ.ഭ.വ ഉത്തരവു പ്രകാരം സൃഷ്ടിക്കപ്പെട്ട ജോയിന്റ് ഡയറക്ടർ കേഡറിലുള്ള ഒരു തസ്തിക I&PR വകുപ്പിൽ നിലവിലില്ല. പ്രസ്തുത തസ്തികയ്ക്ക് ശമ്പള സ്കെയിലും നിലവിലില്ല. എന്നാൽ ഭരണ വകുപ്പ് തന്നെ പ്രസ്തുത തസ്തികയ്ക്ക് ശമ്പള സ്കെയിലും നിശ്ചയിച്ച നൽകിയിട്ടുണ്ട് എന്നു മനസ്സിലാകുന്നു. ധനവകുപ്പിന്റെ അനുവാദം ഇല്ലാതെ നിലവിലില്ലാത്ത ഒരു തസ്തിക സൃഷ്ടിക്കുകയും ആയതിന് ശമ്പള സ്കെയിൽ നിർണ്ണയിച്ച നൽകുകയും ചെയ്ത ഭരണ വകുപ്പ് നടപടി ഉചിതമല്ല. ശമ്പള പരിഷ്കരണ ഉത്തരവിൽ വിവര പൊതുജന സമ്പർക്ക വകുപ്പിൽ ജോയിന്റ് ഡയറക്ടർ എന്നൊരു തസ്തിക നിലവിലില്ല. ഡെപ്യൂട്ടി ഡയറക്ടർ കഴിഞ്ഞാൽ പിന്നെ അഡീഷണൽ ഡയറക്ടർ തസ്തികയാണ് വകുപ്പിൽ നിലവിലുള്ളത്. ഇടത്തട്ടിൽ പുതുതായി ഒരു തട്ട് സൃഷ്ടിക്കുന്നത് പുതുതായി ഒരു പ്രൊമോഷൻ തസ്തിക കൂടി വകുപ്പിൽ സൃഷ്ടിക്കപ്പെടുകയും ആയത് ഈ കേസിലുള്ള തസ്തിക സൃഷ്ടിക്കലിനുപരിയായി തിട്ടപ്പെടുത്താൻ കഴിയാത്ത ആവർത്തന സാമ്പത്തിക ബാദ്ധ്യതയ്ക്ക് വഴി വയ്ക്കുകയും ചെയ്യും. വകുപ്പിൽ സൂപ്പർവൈസറി തസ്തികകളായ ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ തസ്തികകൾ നിലവിലുള്ളപ്പോൾ ഇവയിൽ ഏതെങ്കിലും ഒരു തസ്തിക സൃഷ്ടിക്കുന്നതിന് പകരം നിലവിലില്ലാത്ത ഒരു തസ്തിക സൃഷ്ടിച്ചതും ആയതിനു ഭരണ വകുപ്പ് തന്നെ ശമ്പള സ്കെയിൽ അനുവദിച്ച നൽകിയതും Rules of Business പ്രകാരം ക്രമപ്രകാരമല്ല .ഭരണ വകുപ്പ് ഫയലിൽ സൂചിപ്പിക്കുന്ന ഭരണപരമായ ആവശ്യകതയ്ക്ക് ഡെപ്യൂട്ടി

ഡയറക്ടർ തസ്തിക മതിയാകും .അതുകൊണ്ട് വകുപ്പിൽ നിലവിലില്ലാത്ത ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ച നടപടി പുനപരിശോധിച്ച് ആയത് ഡെപ്യൂട്ടി ഡയറക്ടർ എന്നാക്കി പുനർനിർണ്ണയിച്ച ശേഷം പ്രസ്തുത തസ്തിക ആറു മാസത്തേയ്ക്കു കൂടി അനുവദിയ്ക്കാവുന്നതാണ്.

4. ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ തസ്തിക ഡപ്യൂട്ടി ഡയറക്ടർ ആക്കി പുനനിർണ്ണയിച്ചുകൊണ്ട് മേൽ തസ്തികകൾക്ക് 9 മാസത്തെ കാലയളവിലേയ്ക്ക് തുടർച്ച അനുവദിച്ചു കൊണ്ട് 24.6.2019 ലെ സ.ഉ. (പി) നം.125/2019/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം താൽക്കാലികമായി രൂപീകരിച്ച സെക്ഷന്റെയും തസ്തികകളുടേയും കാലാവധി 25.08.2019 ന് അവസാനിച്ചു.

5. ഏതെങ്കിലും ഒരു പ്രത്യക ആവശ്യം ഉന്നയിച്ച് തൽക്കാലത്തേക്ക് എന്നു പറഞ്ഞ് സൃഷ്ടിക്കപ്പെടുന്ന തസ്തികകൾ സ്ഥിരമാക്കി മാറ്റുന്നതിനുള്ള പ്രവണതയാണ് ഒട്ടുമിക്ക വകുപ്പുകളുടേയും ഭാഗത്തു നിന്നും ഉണ്ടാകുന്നത് . തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആവശ്യം നിവർത്തിച്ചു കഴിഞ്ഞാലും പുതിയ കാരണങ്ങൾ നിരത്തി തസ്തികകൾ അനന്തമായി നീട്ടിക്കൊണ്ട് പോകുന്ന നടപടി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്. സർക്കാർ സർവ്വീസിൽ മൊത്തത്തിൽ നോക്കിയാൽ 50,000 -ൽ അധികം ഇത്തരത്തിലുള്ള താൽക്കാലിക തസ്തികകൾ ഉണ്ട്. താൽക്കാലിക തസ്തികകളുടെ ആവശ്യവും കാലാവധിയും അവസാനിച്ചു കഴിഞ്ഞാലും പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ ഒരിക്കലും സ്വീകരിക്കാറില്ല. ഈ നടപടിയ്ക്ക് സഹായകരമാകുന്ന നിലപാടാണ് ഭരണ വകുപ്പുകളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നത്. ഏകദേശ കണക്ക് എടുത്താൽ ഇത്തരത്തിലുള്ള താൽക്കാലിക തസ്തികകളുടെ ശമ്പളചെലവ് പ്രതിവർഷം 2000 കോടിയിലേറെ രൂപ വരും. സംസ്ഥാനം ഇപ്പോൾ നേരിടുന്ന

ഗുരുതര സാമ്പത്തിക പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ ഇത്തരത്തിലുള്ള താൽക്കാലിക തസ്തികകളുടെ കാലാവധി കഴിയുന്ന ഉടൻ തന്നെ അവ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ് .

6. ഭരണ വകുപ്പ് ഫയലിൽ പരാമർശിച്ചിരിക്കുന്ന കേസിൽ പത്രപ്രവർത്തകരുടെ പെൻഷൻ സംബന്ധിച്ച പെൻഡിംഗ് ജോലികൾ തീർക്കുന്നതിന് വേണ്ടിയാണ് ഒരു സെക്ഷൻ ആറു മാസത്തേയ്ക്ക് സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നത്. അപ്രകാരം സൃഷ്ടിക്കപ്പെട്ട സെക്ഷൻ 15 മാസം പ്രവർത്തിച്ചിട്ടും പ്രസ്തുത സെക്ഷൻ വഴി നടത്തിയ പ്രവർത്തനത്തെപ്പറ്റി യാതൊരു അവലോകനവും നടത്തിയിട്ടില്ല. ഇപ്പോഴും മേൽപ്പറഞ്ഞ പ്രവൃത്തിയുടെ പ്രാഥമിക ജോലികൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നാണ് I & PR വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. 6 മാസത്തേക്ക് താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷൻ 15 മാസം പ്രവർത്തിച്ചിട്ടും ജോലികൾ പ്രാരംഭഘട്ടത്തിലാണ് എന്നതു കൊണ്ട് വീണ്ടും ദീർഘിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്നും 24.6.2019 ലെ സ.ഉ. (പി) നം.125/2019/പൊ.ഭ.വ. ഉത്തരവ് പ്രകാരം നിർത്തലാക്കിയ സെക്ഷൻ വീണ്ടും ആരംഭിക്കണം എന്ന ആവശ്യം അംഗീകരിക്കേണ്ടതില്ലെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ജോയിന്റ് ഡയറക്ടറുടെ തസ്തികയെപ്പറ്റി ധനവകുപ്പ് അറിയിച്ചിട്ടുള്ള വിവരവും മന്ത്രിസഭയുടെ ശ്രദ്ധയിൽ കൊണ്ട് വരണമെന്നും ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരം ഉണ്ട്."

8) തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിൽ വിവരപൊതുജന സമ്പർക്ക വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ചും ഇനി

തീർപ്പാക്കേണ്ട അപേക്ഷകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവിടുകയുണ്ടായി. അപ്രകാരം വിവരപൊതുജനസമ്പർക്ക വകുപ്പ് 02.03.2020 ൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ വിവരപൊതുജനസമ്പർക്ക (എച്ച്) വകുപ്പ് പ്രവർത്തനം ആരംഭിച്ചപ്പോൾ പത്രപ്രവർത്തക /പത്രപ്രവർത്തകേതര വിഭാഗത്തിൽ 1000 -ഓളം അപേക്ഷകൾ ഉണ്ടായിരുന്നു. നിലവിൽ എച്ച്1 സീറ്റിൽ 2018 ലെ 129 ഫയലുകളും 2019 ലെ 49 ഫയലുകളും 121-ഓളം തപാലുകളും എച്ച് 2 സീറ്റിൽ 200-ഓളം അപേക്ഷകളും തീർപ്പാക്കാൻ ബാക്കിയുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 800- ഓളം പെൻഷൻ അപേക്ഷകളിൽ നടപടി സ്വീകരിക്കുകയും പത്രപ്രവർത്തകേതര വിഭാഗത്തിൽ 512 പേർക്ക് പുതുതായി പെൻഷനും 64 പേർക്ക് ആശ്രിത പെൻഷനും അനുവദിച്ചു. കൂടാതെ 2000 ന് മുമ്പ് വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി പ്രകാരം സ്വീകരിച്ച അപേക്ഷകളിൽ 334 പേർക്കും പെൻഷൻ അനുവദിച്ചതായും വിവരപൊതുജന സമ്പർക്ക വകുപ്പ് അറിയിച്ചിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1) വിവരപൊതുജനസമ്പർക്ക വകുപ്പ് (എച്ച്) സെക്ഷൻ തുടർച്ചാനുമതി അവസാനിച്ച 25.08.2019 മുതൽ ഒരു വർഷത്തേയ്ക്ക് നിലനിർത്തി തുടർച്ചാനുമതി നൽകാമോ?

2) 26.05.2018 ലെ സ.ഉ (അച്ചടി) നം. 5/2018/പൊ.ഭ.വ പ്രകാരം സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ ഉൾപ്പെടെയുള്ള തസ്തികകൾ നിലനിർത്താമോ?

അതോ

ജോയിന്റ് ഡയറക്ടർ തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി മാറ്റി തീരുമാനിക്കണമോ ?

## GOVERNMENT OF KERALA
## (SRI. PINARAYI VIJAYAN MINISTRY)

### Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | Spl.E1/125/2019/GAD. |
| 2. | Department | : | General Administration (Special-E) Department. |
| 3. | Subject | : | Permanent sanction for the temporarily created I&PR(H) section (which is now functioning without continuous sanction) and related posts including Joint Director cadre. |
| 4. | Date of Chief Minister's order for placing before the council | : | 01.02.2020 |
| 5. | i. Does the case involve financial commitments/implications. | : | Yes |
| | ii. If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note. | : | Yes |
| | | : | Yes |
| 6. | Are any other departments concerned with the case and if so, have been consulted and their remarks incorporated in the Note for the Council? | : | Yes; |
| | | : | Yes |
| 7. | Name of Joint Secretary who submitted the Draft Note | : | Sri.C.Ajayan |
| 8. | Name of Principal Secretary who approved the Draft Note | : | Sri.K.R.Jyothilal |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 06.03.2020 |
| 10. | Name of Chief Secretary who approved the Draft Note | : | Sri.Tom Jose |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 11.03.2020 |
| 12. | Name of Chief Minister who approved the Draft Note | : | Sri.Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Chief Minister | : | 12.03.2020 |
| 14. | Date of submission of fair copies | : | 17.03.2020 |
| 15. | Date of decision by the Council of Ministers | : | 25-03.2020 |
| 16. | Number and date of the G.O/letter communicating the decision | : | G.O(MS)No. 83/2020/GAD dt 29.04.2020 |

## Note for Council of Ministers

This note deals with the proposal putforth by I&PRD for the permanent sanction of Information and Public Relations (H) Department and related posts which were created temporarily in which the continuence sanction was ended on 25.08.2019.

2) As per GO (P) No.5/2018/GAD dated 26.05.2018 Government had temporarily created a Section in I&PRD comprising 2 Assistants, One Computer Assistant, One Office Attendendant, One Section Officer and a Joint Director for six months for dealing with the huge pending works related to the journalists/non Journalists pension and other connected matters. There was no sanctioned post of Joint Director in I&PRD till then. Due to administrative delay, the termporary post of Joint Director was filled only on 27.07.2018 vide GO (Rt) No.4904/2018/GAD.

3) On expiry of the period of six months I &PRD requested Government to extend the term of newly created section such as I&PR(H) Department for a further period of six months. By overruling the remarks of Finance Department, orders were issued as per GO (Ms) No.125/2019/GAD dated 24.06.2019, by extending the term of Information & Public Relations (H) Department and other related posts except Joint Director post for a further period of 9 months with effect from 26.11.2018. Moreover temporarily created Joint Director post was redesignated to Deputy Director post vide GO (P) No.5/18/GAD dated 26.05.2018. Thus the continuence sanction of I&PR (H) Department ended on 25.08.2019.

4) The work of the above section is still continuing without continuous sanction and Information & Public Relations Department has submitted a detailed proposal before Hon'ble Chief Minister through the Secretary, Information and Public Relations Department incorporating 15 numbers of reasons for the permanent existance of I&PR (H) Department and the need for the post of Joint Director permanently since the work of journalist pension/non journalist pension and connected works have permanent nature.

5) The Hon'ble Chief Minister ordered to place the matter before the Council of Ministers and that Department has transferred the file to this department for further necessary action. Earlier when the file No.Spl.E1/137/2018/GAD was forwarded to Finance Department for remarks on the extension of temporarily created I&PR(H) Department for six months from w.e.f 25.11.2018, that department opined to re-examine the action of this department in

creating a temporary post of Joint Director which is not included in the sanctioned post of I&PRD and to redesignate Joint Director as Deputy Director post. Based on the remarks of Finance Department and as per the decision taken by the Council of Ministers, vide G.O (MS) No.125/2019/GAD dated 24.06.2019 sanction was accorded for the extension of the above section for nine months with effect from 26.11.2018 and the post of Joint Director was redesignated as Deputy Director.

6) As directed by Chief Secretary, opinion of P&ARD and Finance Department were sought on the permanent sanction for the temporarily created I&PR (H) Department as well as on the proposal for the need of Joint Director post. P&ARD opined as follows:

"സെക്രട്ടേറിയറ്റിലെ ജോലിഭാരം ക്രമീകരിക്കുന്നതു സംബന്ധിച്ച പ്രവൃത്തി പഠനം നടത്തി കരട് റിപ്പോർട്ട് ഈ ആവശ്യത്തിനായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരട് റിപ്പോർട്ടിൽ എന്തെങ്കിലും ഭേദഗതി വരുത്തേണ്ടത് പ്രസ്തുത സമിതിയാണ്. സമിതി വകുപ്പുതല റിപ്പോർട്ട് വകുപ്പുമായി ബന്ധപ്പെട്ട നോഡൽ ഓഫീസർമാരുമായി ചർച്ച ചെയ്യുന്നതാണ്.

കരട് റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇതു സംബന്ധമായി എന്തെങ്കിലും മാറ്റം വരുത്തുവാൻ ഈ വകുപ്പിന് സാധിക്കുന്നതല്ല. എന്നാൽ വിവര പൊതുജന സമ്പർക്ക വകുപ്പിന് ഈ ഫയലിലെ ആവശ്യം ടി വകുപ്പിലെ നോഡൽ ഓഫീസർ മുഖേന സമിതിയുടെ മുൻപിൽ അവതരിപ്പിക്കാൻ സാധിക്കുന്നതാണ്."

7) Finance Department opined as follows:

"പത്രപ്രവർത്തക ക്ഷേമനിധി പെൻഷൻ നടപ്പാക്കുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പിൽ പുതിയ ഒരു സെക്ഷൻ രൂപീകരിക്കുന്നതിന് ഉപാധികളോടെയാണ് ധന വകുപ്പ് അനുമതി നല്കിയിരുന്നത്. സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ ശമ്പള ചെലവുകൾക്ക് തുല്യമായ ചെലവ് ഉള്ള ഏതെങ്കിലും തസ്തികകൾ നിർത്തലാക്കി പകരം പുതിയ സെക്ഷനു വേണ്ട തസ്തികകൾ സൃഷ്ടിക്കാം എന്നാണ് ധനവകുപ്പ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ധന വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് മന്ത്രിസഭാ അനുമതിയോടു കൂടി തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് 26/05/2018-ലെ G.O. (P) No. 5/2018/പൊ.ഭ.വ ഉത്തരവു പ്രകാരം ഒരു ജോയിന്റ് ഡയറക്ടർ, ഒരു സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റ്, ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഒരു ഓഫീസ് അസിസ്റ്റന്റ് എന്നിങ്ങനെ 6 തസ്തികകൾ സൃഷ്ടിച്ചിരുന്നു.

2. മേൽ തസ്തികകൾക്ക് ആറു മാസത്തേക്ക് കൂടി തുടർച്ചാനുമതി നൽകണം എന്ന ശുപാർശ ഭരണ വകുപ്പ് പിന്നീട് സമർപ്പിച്ചിരുന്നു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്

എന്നും അതുകൊണ്ടാണ് I&PR വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണം എന്ന ശുപാർശക്ക് ധനവകുപ്പ് ഉപാധി വച്ചത് എന്നും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട് മന്ത്രി സഭാ തീരുമാന പ്രകാരമാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത തസ്തികകളുടെ തുടർച്ച ആവശ്യമുണ്ടെന്ന് ഭരണ വകുപ്പ് വിലയിരുത്തുന്ന പക്ഷം ജോയിന്റ് ഡയറക്ടർ ഒഴികെയുള്ള തസ്തികകൾ മേലിൽ ദീർഘിപ്പിച്ചു നൽകില്ല എന്ന ഉപാധിയോടെ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ് എന്ന് അറിയിച്ചിരുന്നു. ജോയിന്റ് ഡയറക്ടർ തസ്തികയുടെ കാര്യത്തിൽ താഴെ പറയുന്ന വിവരങ്ങളും ഭരണ വകുപ്പിനെ അറിയിച്ചിരുന്നു.

3. 26/05/2018-ലെ G.O. (P) No. 5/2018/പൊ.ഭ.വ ഉത്തരവു പ്രകാരം സൃഷ്ടിക്കപ്പെട്ട ജോയിന്റ് ഡയറക്ടർ കേഡറിലുള്ള ഒരു തസ്തിക I&PR വകുപ്പിൽ നിലവിലില്ല. പ്രസ്തുത തസ്തികയ്ക്ക് ശമ്പള സ്കെയിലും നിലവിലില്ല. എന്നാൽ ഭരണ വകുപ്പ് തന്നെ പ്രസ്തുത തസ്തികക്ക് ശമ്പള സ്കെയിലും നിശ്ചയിച്ചു നൽകിയിട്ടുണ്ട് എന്നു മനസ്സിലാകുന്നു. ധനവകുപ്പിന്റെ അനുവാദം ഇല്ലാതെ നിലവിലില്ലാത്ത ഒരു തസ്തിക സൃഷ്ടിക്കുകയും ആയതിന് ശമ്പള സ്കെയിൽ നിർണ്ണയിച്ചു നൽകുകയും ചെയ്ത ഭരണ വകുപ്പ് നടപടി ഉചിതമല്ല. ശമ്പള പരിഷ്കരണ ഉത്തരവിൽ വിവര പൊതുജന സമ്പർക്ക വകുപ്പിൽ ജോയിന്റ് ഡയറക്ടർ എന്നൊരു തസ്തിക നിലവിലില്ല. ഡെപ്യൂട്ടി ഡയറക്ടർ കഴിഞ്ഞാൽ പിന്നെ അഡീഷണൽ ഡയറക്ടർ തസ്തികയാണ് വകുപ്പിൽ നിലവിലുള്ളത്. ഇടത്തട്ടിൽ പുതുതായി ഒരു തട്ട് സൃഷ്ടിക്കുന്നത് പുതുതായി ഒരു പ്രൊമോഷൻ തസ്തിക കൂടി വകുപ്പിൽ സൃഷ്ടിക്കപ്പെടുകയും ആയത് ഈ കേസിലുള്ള തസ്തിക സൃഷ്ടിക്കലിനുപരിയായി തിട്ടപ്പെടുത്താൻ കഴിയാത്ത ആവർത്തന സാമ്പത്തിക ബാദ്ധ്യതയ്ക്കു വഴി വയ്ക്കുകയും ചെയ്യും. വകുപ്പിൽ സൂപ്പർവൈസറി തസ്തികകളായ ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ തസ്തികകൾ നിലവിലുള്ളപ്പോൾ ഇവയിൽ ഏതെങ്കിലും ഒരു തസ്തിക സൃഷ്ടിക്കുന്നതിന് പകരം നിലവിലില്ലാത്ത ഒരു തസ്തിക സൃഷ്ടിച്ചതും ആയതിനു ഭരണ വകുപ്പ് തന്നെ ശമ്പള സ്കെയിൽ അനുവദിച്ചു നൽകിയതും Rules of Business പ്രകാരം ക്രമപ്രകാരമല്ല. ഭരണ വകുപ്പ് ഫയലിൽ സൂചിപ്പിക്കുന്ന ഭരണപരമായ ആവശ്യകതയ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തിക മതിയാകും. അതുകൊണ്ട് വകുപ്പിൽ നിലവിലില്ലാത്ത ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ച നടപടി പുനപരിശോധിച്ച് ആയത് ഡെപ്യൂട്ടി ഡയറക്ടർ എന്നാക്കി പുനർനിർണ്ണയിച്ച ശേഷം പ്രസ്തുത തസ്തിക ആറു മാസത്തേയ്ക്കു കൂടി അനുവദിയ്ക്കാവുന്നതാണ്.

4. ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ തസ്തിക ഡപ്യൂട്ടി ഡയറക്ടർ ആക്കി പുനനിർണ്ണയിച്ചുകൊണ്ട് മേൽ

തസ്തികകൾക്ക് 9 മാസത്തെ കാലയളവിലേയ്ക്ക് തുടർച്ച അനുവദിച്ചു കൊണ്ട് 24.6.2019 ലെ സ.ഉ. (പി) നം.125/2019/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം താൽക്കാലികമായി രൂപീകരിച്ച സെക്ഷന്റെയും തസ്തികകളുടേയും കാലാവധി 25.08.2019 ന് അവസാനിച്ചു.

5. ഏതെങ്കിലും ഒരു പ്രത്യക ആവശ്യം ഉന്നയിച്ച് തൽക്കാലത്തേക്ക് എന്നു പറഞ്ഞ് സൃഷ്ടിക്കപ്പെടുന്ന തസ്തികകൾ സ്ഥിരമാക്കി മാറ്റുന്നതിനുള്ള പ്രവണതയാണ് ഒട്ടുമിക്ക വകുപ്പുകളുടേയും ഭാഗത്തു നിന്നും ഉണ്ടാകുന്നത് . തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആവശ്യം നിവർത്തിച്ചു കഴിഞ്ഞാലും പുതിയ കാരണങ്ങൾ നിരത്തി തസ്തികകൾ അനന്തമായി നീട്ടിക്കൊണ്ട് പോകുന്ന നടപടി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്. സർക്കാർ സർവ്വീസിൽ മൊത്തത്തിൽ നോക്കിയാൽ 50,000 -ൽ അധികം ഇത്തരത്തിലുള്ള താൽക്കാലിക തസ്തികകൾ ഉണ്ട്. താൽക്കാലിക തസ്തികകളുടെ ആവശ്യവും കാലാവധിയും അവസാനിച്ചു കഴിഞ്ഞാലും പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ ഒരിക്കലും സ്വീകരിക്കാറില്ല. ഈ നടപടിയ്ക്ക് സഹായകരമാകുന്ന നിലപാടാണ് ഭരണ വകുപ്പുകളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നത്. ഏകദേശ കണക്ക് എടുത്താൽ ഇത്തരത്തിലുള്ള താൽക്കാലിക തസ്തികകളുടെ ശമ്പളചെലവ് പ്രതിവർഷം 2000 കോടിയിലേറെ രൂപ വരും. സംസ്ഥാനം ഇപ്പോൾ നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ ഇത്തരത്തിലുള്ള താൽക്കാലിക തസ്തികകളുടെ കാലാവധി കഴിയുന്ന ഉടൻ തന്നെ അവ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

6. ഭരണ വകുപ്പ് ഫയലിൽ പരാമർശിച്ചിരിക്കുന്ന കേസിൽ പത്രപ്രവർത്തകരുടെ പെൻഷൻ സംബന്ധിച്ച പെൻഡിംഗ് ജോലികൾ തീർക്കുന്നതിന് വേണ്ടിയാണ് ഒരു സെക്ഷൻ ആറു മാസത്തേയ്ക്ക് സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നത്. അപ്രകാരം സൃഷ്ടിക്കപ്പെട്ട സെക്ഷൻ 15 മാസം പ്രവർത്തിച്ചിട്ടും പ്രസ്തുത സെക്ഷൻ വഴി നടത്തിയ പ്രവർത്തനത്തെപ്പറ്റി യാതൊരു അവലോകനവും നടത്തിയിട്ടില്ല. ഇപ്പോഴും മേൽപ്പറഞ്ഞ പ്രവൃത്തിയുടെ പ്രാഥമിക ജോലികൾ മാത്രമേ പൂർത്തിയായിട്ടുള്ളു എന്നാണ് I & PR വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. 6 മാസത്തേക്ക് താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷൻ 15 മാസം പ്രവർത്തിച്ചിട്ടും ജോലികൾ പ്രാരംഭഘട്ടത്തിലാണ് എന്നതു കൊണ്ട് വീണ്ടും ദീർഘിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്നും 24.6.2019 ലെ സ.ഉ. (പി) നം.125/2019/പൊ.ഭ.വ. ഉത്തരവ് പ്രകാരം നിർത്തലാക്കിയ സെക്ഷൻ വീണ്ടും ആരംഭിക്കണം എന്ന ആവശ്യം അംഗീകരിക്കേണ്ടതില്ലെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ജോയിന്റ് ഡയറക്ടറുടെ തസ്തികയെപ്പറ്റി ധനവകുപ്പ് അറിയിച്ചിട്ടുള്ള വിവരവും മന്ത്രിസഭയുടെ ശ്രദ്ധയിൽ കൊണ്ട് വരണമെന്നും

ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരം ഉണ്ട്. "

8) When the file was circulated to Hon'ble Chief Minister along with the draft Council Notes, it was ordered to place the matter before Council of Ministers after incorporating the details of benefits attained by the department within last one year and the details of pending petitions, as instructed in para 30 nf. As per the report dated 02.03.2020, Information & Public Relations Department has informed that while started the functioning of I&PR (H) department, there were about 1000 petitions for pension underJournalists and Non-Journalist category. At present, 129 files for the year 2018 and 49 files for the year 2019 and about 121 Tapals in H1 seat and about 200 petitions in H2 seat are remained to be disposed of. Action has already been taken in almost 800 petitions during the last one year and granted pension for 512 persons under Non-Journalist category and 64 pension to dependents. Pensions have been sanctioned to 334 persons under the pension schemes for employees who retired before 2000 too. Moreover, in addition to the duties such as journalist/Non journalist pension temporarily created Joint Director was entrusted with the works in connection with the speedy disposal of papers relating to the Media Welfare issues occuring time to time. Hence that department has now requested to accord continuous sanction for the post of Joint Director in the Department. The subject dealt with the temporarily created I&PR (H) Department is continuous in nature too. Hence that Department has recommended for continuous sanction of the section and the posts related thereto under Joint Director.

## Points for decision

1) Whether continuance sanction for Section (H) of I&PRD for one year beyond 25.08.2019 may be accorded?

2) Whether the posts sanctioned as per GO (P) No.5/2018/GAD dated 26.05.2018 including Joint Director may be retained?

OR

Whether the post of Joint Director may be downgraded as Deputy Director?